തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ന്യായവില മെഡിക്കൽ സ്റ്റോറിനെ സംബന്ധിച്ച പരാതി

125 (136) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ന്യായവില മെഡിക്കൽ സ്റ്റോറിൽ നിന്ന് രോഗികൾക്ക് വളരെ ആവശ്യമായിട്ടുള്ള പല മരുന്നുകളും ലഭ്യമല്ലെന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ സർക്കാർ അതിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(സി) ഈ ന്യായവില മെഡിക്കൽ സ്റ്റോറിന്റെ മേൽനോട്ടം ഏത് ഉദ്യോഗസ്ഥനെയാണ് ഏൽപ്പിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഡി) ഈ ഉദ്യോഗസ്ഥന്റെ അനാസ്ഥ കാരണമാണ് കുഴപ്പങ്ങൾ ഉണ്ടാകുന്നതെന്ന് വിവരം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) രോഗികൾക്കാവശ്യമായ മരുന്നുകൾ പൂർണ്ണമായും ഈ മെഡിക്കൽ സ്റ്റോറിൽ നിന്നും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതി എച്ച്.ഡി.സി.യുടെ പരിഗണനയ്ക്കായി വച്ചിരിക്കുകയാണെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൻമേൽ ആരോഗ്യ വകുപ്പ് ഡയറക്ടറുടെ മറുപടി ലഭിക്കേണ്ടതുണ്ട്.

(സി) ജനറൽ ആശുപത്രിയിലെ ഒരു ഫാർമസിസ്റ്റിനെയാണ് ചുമതല ഏൽപ്പിച്ചിട്ടുള്ളത്.

(ഡി) ഇല്ല.

(ഇ) രോഗികൾക്കാവശ്യമായ പരമാവധി മരുന്നുകൾ ഈ മെഡിക്കൽ സ്റ്റോർ വഴി ലഭ്യമാകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കുളനട പ്രൈമറി ഹെൽത്ത് സെന്റർ

126 (137) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറൻമുള നിയോജകമണ്ഡലത്തിലെ കുളനട പഞ്ചായത്തിൽ പണി പൂർത്തിയായ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം അടിയന്തിരമായി തുറന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ബി) ഉദ്ഘാടനം നടത്തി രണ്ട് വർഷം കഴിഞ്ഞിട്ടും പ്രസ്തുത കെട്ടിടം തുറന്ന് പ്രവർത്തിപ്പിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly